# അവളവളുടെ കുരിശുകൾ

എന്തുകൊണ്ടാണ് നമ്മുടെ ഭാഷയിൽ 'മനുഷ്യൻ' എന്ന വാക്കിന് തമാശരൂപത്തിലല്ലാത്ത ഒരു സ്ത്രീലിംഗരൂപം ഇല്ലാത്തത്? 'മനുഷ്യത്തികൾ' ഇല്ലാഞ്ഞിട്ടല്ലല്ലോ? എന്നും കാണുന്ന സ്ത്രീകളായ മനുഷ്യജീവികളെകൂടി ഉൾപ്പെടുത്തുന്ന ഒരു പദം ഉണ്ടാകേണ്ട ആവശ്യം നമ്മുടെ ഭാഷയ്ക്ക് തോന്നിയില്ല എന്നത് വളരെ അത്ഭുതംതന്നെ.

എന്നാൽ, ഇക്കാര്യം മറ്റൊരു തരത്തിൽ ആലോചിച്ചാൽ, അത്ര അത്ഭുതം ഉണ്ടാക്കേണ്ട കാര്യവും ഇല്ല. കാരണം, 'മനുഷ്യൻ' എന്ന പുല്ലിംഗപദം സ്ത്രീലിംഗം കൂടി ഉൾപ്പെടുന്നു എന്നാണ് ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. അങ്ങനെ ജനിച്ചപ്പോൾ തൊട്ട് മലയാളഭാഷ (മാത്രമല്ല പുരുഷന്റെ ഭരണം അംഗീകരിക്കുന്ന എല്ലാ ഭാഷകളും!) കേൾക്കുന്ന കുഞ്ഞുങ്ങൾ മനസ്സിലാക്കുന്നു. -'മനുഷ്യൻ'/ ആദ്യമായി ആണാണ്. ആണിൽ പെണ്ണ് കൂടിയുണ്ട്- എന്ന്.

എന്താണ് ഈ മനസ്സിലാക്കലിന്റെ അനന്തരഫലം? സ്വാഭാവികമായി ആരുടെയും മനസ്സിലേക്ക് 'മനുഷ്യൻ' എന്ന പദം വരയ്ക്കുന്ന ചിത്രം ആൺമനുഷ്യന്റേതാണെന്ന്. എന്നാൽ, ആ പദത്തിന്റെ അഹങ്കാരം, അതിൽ ഇല്ലാത്ത ആളുകളെകൂടി ഉൾക്കൊള്ളുന്ന എന്ന നാട്യമാണ്. അങ്ങനെ, മനുഷ്യന്റെ മഹത്തായ ചരിത്രത്തിൽനിന്നും അവന്റെ കണ്ടുപിടുത്തങ്ങളിൽനിന്നും, അവന്റെ പുരോഗതിവയ്പുകളിൽനിന്നും, അവന്റെ ക്രൂരകൃത്യങ്ങളിൽനിന്നുപോലും പുറന്തള്ളപ്പെട്ടുനില്ക്കുന്ന ഒരു 'മനുഷ്യത്തി'യെകൂടി ഉൾക്കൊള്ളുന്നു എന്ന് ഭാവിച്ചുകൊണ്ടാണ് ആ പദം നിലനില്ക്കുന്നത്. ഒരു നാണവും ഇല്ലാതെ നമ്മളെല്ലാവർക്കും 'അവനവന്റെ കുരിശുകൾ ചുമക്കുകയും', 'ഓഫീസർമാരും', 'തോട്ടികളും', 'കമ്യൂണിസ്റ്റുകളും', 'എഴുത്തുകാരും' ഒക്കെ പുല്ലിംഗരൂപത്തിൽ മാത്രം ഉപയോഗിക്കുകയും ഇതിൽ സ്ത്രീ കൂടി ഉൾപ്പെട്ടിട്ടുണ്ട് എന്ന് നുണ പറയുകയും ആണ്.

'അവന്റെ' ലോകത്തിൽ ജീവിക്കേണ്ടിവരികയും 'അവന്റെ' ഭാഷ ഉപയോഗിക്കേണ്ട ഗതികേട് ഉണ്ടാവുകയും ചെയ്ത പെൺമനുഷ്യൻ എന്താണ് ചെയ്യേണ്ടത്? പലരും ഭാഷയിൽ തികട്ടി വരുന്ന സകലരെയും ഉൾക്കൊള്ളുന്ന ഈ 'അവൻ' പ്രയോഗം വീണ്ടും വീണ്ടും കണ്ടില്ലെന്നു നടിക്കുന്നു. കാരണം പകരം നില്ക്കാൻ ഭാഷയിൽ പുല്ലിംഗ-സ്ത്രീലിംഗ വിഭജനം ഇല്ലാതെ ഒരു പദം ഇല്ലല്ലോ? പല സ്ത്രീ എഴുത്തുകാരികളും സ്ത്രീലിംഗത്തെ മുന്നോട്ടുകൊണ്ടുവന്ന് മാത്രമേ ഇത്തരം ഭാഷയിലെ അടിച്ചമർത്തലുകൾ നേരിടാൻ കഴിയൂ എന്ന പക്ഷക്കാരാണ്. അതുകൊണ്ട്, ലിംഗം കാണിക്കാത്ത ഇടങ്ങളിൽ ('സ്വാഭാവികമായി' അത് പുരുഷലിംഗം എന്ന് ആളുകൾ മനസിലാക്കുന്നിടത്ത്) അവർ വേണം എന്ന് വച്ച് സ്ത്രീലിംഗ പ്രയോഗം നടത്തുന്നു. അങ്ങനെ 'അവളവളുമാർ' ചുമക്കുന്ന ഈ ഭാഷ എന്ന കുരിശിനെ മറിച്ചിടാനും തിരിച്ചുപയോഗിക്കാനും സ്ത്രീകൾ ശ്രമിക്കുന്നു.

എന്നാണ് 'മനുഷ്യൻ- അവളുടെ മഹത്വം' എന്ന് നമുക്ക് സ്വാഭാവികമായി പ്രയോഗിക്കാൻ കഴിയുക?

–ബിന്ദു കെ.സി.